"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, പ്രിൻസിപ്പാൾ ക്ലാസ്സ്-1 തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം/ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.580/2024/LBR തീയതി,തിരുവനന്തപുരം, 27-05-2024

---

പരാമർശം:- 1. സ.ഉ (അ) നം. 37/2024/തൊഴിൽ, തീയതി, 22.05.2024.

2. സ.ഉ (അ) നം. 38/2024/തൊഴിൽ, തീയതി, 22.05.2024.

3. ട്രെയിനിംഗ് ഡയറക്ടറുടെ 21.05.2024-ലെ ഡിടി/2154/2024-എ2 നമ്പർ കത്ത്.

**ഉത്തരവ്**

ട്രെയിനിംഗ് ഡയറക്ടറുടെ പരാമർശിത കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം 1, 2 സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ട വ്യാവസായിക പരിശീലന വകുപ്പിലെ ഉദ്യോഗസ്ഥർക്ക്, കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II ജനറൽ റൂൾസിലെ റൂൾ 28(b) (1)-ന് വിധേയമായി, താഴെ പറയും പ്രകാരമുള്ള സ്ഥാനക്കയറ്റം/ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അഡീഷണൽ ഡയറക്ടർ (112800-163400)**

പരാമർശം (1) സെലക്ട് ലിസ്റ്റിലെ സീനിയർമോസ്റ്റ് ജോയിന്റ് ഡയറക്ടർ ആയ ശ്രീമതി ബിന്ദു.ജെ.എസ്. ന് 112800-163400 രൂപ ശമ്പള സ്കെയിലിൽ അഡീഷണൽ ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കി, കഴക്കൂട്ടം സ്യൂട്ട് കേരളയിലെ സ്പെഷ്യൽ ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

**ജോയിന്റ് ഡയറക്ടർ (107800-160000)**

പരാമർശം (1) സെലക്ട് ലിസ്റ്റിലെ സീനിയർമോസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ. ജോസ് വർഗ്ഗീസിന്, 107800-160000 രൂപ ശമ്പള സ്കെയിലിൽ, ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കി, ശ്രീമതി ബിന്ദു.ജെ.എസ്. ന് അഡീഷണൽ ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കിയതു മുഖേന ഉണ്ടാകുന്ന ഒഴിവിൽ സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് മോണിറ്ററിംഗ് സെല്ലിൽ നിയമിക്കുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ (95600-153200)**

പരാമർശം (1) സെലക്ട് ലിസ്റ്റിലെ സീനിയർമോസ്റ്റ് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ആയ ശ്രീ.ഷമ്മി ബെക്കർ.എ.യ്ക്ക് 95600-153200 രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി, ശ്രീ. ജോസ് വർഗ്ഗീസിന് ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കിയതു മുഖേന ഉണ്ടാകുന്ന ഒഴിവിൽ ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ തസ്തികയിൽ നിയമിക്കുന്നു.

**ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് (63700-123700)**

പരാമർശം (1) സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടതും നിലവിൽ സേവനത്തിലുള്ള സീനിയർ മോസ്റ്റും ആയ പ്രിൻസിപ്പാൾ ക്ലാസ് I ശ്രീ.ആർ.സുരേഷ് കുമാർ-ന് 63700-123700 രൂപ ശമ്പള സ്കെയിലിൽ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയിൽ സ്ഥാനക്കയറ്റം നല്കി, ശ്രീ. ഷമ്മി ബെക്കർ.എ.യ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കിയതു മുഖേന ഉണ്ടാകുന്ന ഒഴിവിൽ തിരുവനന്തപുരം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ആയി നിയമിക്കുന്നു.

<u>പ്രിൻസിപ്പാൾ ക്ലാസ്സ് - 1 (63700-123700)</u>

പരാമർശം (2) സെലക്റ്റ് ലിസ്റ്റിലെ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് 63700-123700രൂപ ശമ്പള സ്കെയിലിൽ, പ്രിൻസിപ്പാൾ ക്ലാസ്സ് - 1 തസ്തികയിൽ സ്ഥാനക്കയറ്റം നല്കി, അവരവരുടെ പേരിന് നേരേ ചേർത്തിരിക്കുന്ന ഒഴിവുകളിൽ നിയമിക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | പ്രിൻസിപ്പാൾ ക്ലാസ്സ്- I തസ്തികയിൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്ന സ്ഥാപനം. |
|---|---|---|
| 1 | ശ്രീ.കെ. ശിവരാജ്, | ഐ.ടി.ഐ ചാക്ക |
| 2 | ശ്രീ.കെ.കെ. ജോഷി, | ഐ.ടി.ഐ, ചന്ദനത്തോപ്പ് |
| 3 | ശ്രീ. ഇ.കെ മുഹമ്മദ് അഷറഫ് | ഐ.ടി.ഐ, മലമ്പുഴ |

2) പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലനില്ക്കുന്നതിനാൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2024 പൊതു സ്ഥലംമാറ്റത്തിന് മുൻപ് പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്ന സാഹചര്യത്തിലോ/ 2024 പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്ന സാഹചര്യത്തിലോ നിലവിൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്ന സ്ഥാപനങ്ങളിലെ നിയമനം അർഹതയുടെ അടിസ്ഥാനത്തിൽ പുന:പരിശോധനയ്ക്ക് വിധേയമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.